സെന്റ് അലോഷ്യസ് എച്ച് എസ് എസ്, കൊല്ലം

# അങ്കുരം

## വിദ്യയുടെ മുകുളങ്ങൾ



ഡിജിറ്റൽ മാഗസിൻ

2019-20

ഒരു ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം



## ആശംസകളോടെ ....

സെന്റ് അലോഷ്യസ് സ്കൂളിൽ 2018 മുതൽ ലിറ്റിൽ കൈറ്റ്സ് ക്ലബ് പ്രവർത്തിച്ചു വരുന്നു.ലിറ്റിൽ കൈറ്റ്സിന്റെ 2019-20 വർഷത്തെ ഡിജിറ്റൽ മാഗസിനായ "അങ്കുരം",അതിൽ പ്രവർത്തിച്ച അധ്യാപകർക്കും,വിദ്യാർത്ഥികൾക്കും എല്ലാ ആശംസകളും നേരുന്നു

ഹെഡ് മാസ്റ്റർ

അജിത് ജോയ്

# എഡിറ്റോറിയൽ

കുട്ടികളിലെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും ഉള്ള മാധ്യമമാണ് സ്കൂൾ മാസികകൾ.ഡിജിറ്റൽ രൂപത്തിൽ പ്രകാശിപ്പിക്കുന്നതു വഴി ഇത് ലോകത്തിൽ എല്ലായിടത്തും ഉള്ള ജനങ്ങളിലേക്കും എത്തിക്കുവാൻ സാധിക്കുന്നു. "അങ്കുരം" എന്ന ഈ എളിയ സംരംഭം 2019-20 വർഷത്തെ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ ഭാവനയിൽ വിരിഞ്ഞ സൃഷ്ടികളാണ്.ഇതിലേക്ക് സൃഷ്ടികൾ സംഭാവന ചെയ്ത എവർക്കും നന്ദി.നിങ്ങളേവർക്കും ആസ്വാദ്യകരമായ വായന ആശംസിക്കുന്നു

നന്ദിപൂർവ്വം

അക്ഷയ് സുനിൽ

# എഡിറ്റോറിയൽ ബോർഡ്

അക്ഷയ് സുനിൽ

ദീപ ജെ

ഐസക് ബി മാത്യു

ബാലു ബി എസ് കുമാർ

ഗണനാഥ് എസ്

അന്ന എം സ്റ്റാൻലി

# ഉള്ളടക്കം

*സൌഹൃദം..................................................................................7*

*മഴ...........................................................................................9*

*origin of cricket...............................................................10*

*Mother nature...................................................................12*

*കണ്ണീർ.........................................................................................13*

*കേരളത്തിന്റെ കലാരൂപങ്ങൾ.................................................14*

*പയർ..............................................................................................16*

*ഓടുന്നതിന്റെ നേട്ടങ്ങൾ........................................................17*

*ക്രിസ്...........................................................................................18*

*My Mother..........................................................................20*

*എന്റെ അമ്മ.....................................................................21*

*കുസൃതി ചോദ്യങ്ങൾ ...........................................................22*

*വിരാട് കോഹ്ലി..................................................................23*

*എ പി ജെ അബ്ദുൾ കലാം...................................................24*

*വായു മലിനീകരണം............................................................25*

*ISRO ...................................................................................28*

*കൊല്ലം പട്ടണത്തിന്റെ ആകർഷണങ്ങൾ..................................29*

*Proverbs.............................................................................32*

*കളിപ്പാട്ടം...........................................................................33*

# സൗഹൃദം



*വ്യക്തികൾ തമ്മിലുള്ള ഊഷ്മള ബന്ധങ്ങളെയാണ് സൗഹൃദം എന്ന് വിളിക്കുന്നത്. നല്ല സൗഹൃദ ബന്ധങ്ങൾ ജീവിതത്തിൽ സന്തോഷവും ആനന്ദവും പ്രദാനം ചെയ്യുന്നു . എല്ലാ പ്രായത്തിലും സൗഹൃദങ്ങൾ ഒഴിച്ചുകൂടാൻ ആവാത്തവയാണ്.*

*നമ്മുടെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ബന്ധമാണ് സൗഹൃദം എന്ന് പറയുന്നത്. നമ്മൾ അത്യധികം വിശ്വസിക്കുകയും എല്ലാ*

*രഹസ്യങ്ങളും പങ്കുവയ്ക്കുന്നതും ഒരു നല്ല സുഹൃത്തിനോടായിരിക്കും.*

*നമ്മുടെ പരിമിതികളും കുറവുകളും മനസ്സിലാക്കുകയും അവ*

*പരിഹരിക്കാൻ ശ്രമിക്കുകയും എല്ലാ അവസ്ഥയിലും നമ്മുടെ കൂടെ*

*നിൽക്കുന്നവരും ആണ് നല്ല സുഹൃത്തുക്കൾ .*

*അവർ നമ്മെ സ്നേഹിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന പോലെ*

*നമ്മുടെ   പോരായ്മകൾ മറയ്ക്കുകയും ചെയ്യും .അവർ കാര്യങ്ങൾ കൂടുതൽ*

*കാര്യക്ഷമമായി മനസ്സിലാക്കാൻ സഹായിക്കുകയും നമ്മുടെ മനസ്സിന്*

*അനസൃതമായി പെരുമാറാൻ ശ്രമിക്കുകയും ചെയ്യും .എന്നാൽ തെറ്റായ*

*ശീലങ്ങളിൽ നിന്നും  നമ്മെ പിന്തിരിപ്പിക്കാൻ ശ്രമിക്കാത്ത ഒരു*

*സുഹൃത്ത് ഒരിക്കലും ഒരു നല്ല സുഹൃത്തല്ല !*

*അക്ഷയ് സുനിൽ, 9 E*

# മഴ

വെയിലിൻ ചൂടേറ്റ വാടിടും നമ്മെ
വീണ്ടും ഉണർത്തിടാൻ ദൈവം
തന്നൊരനുഗൃഹമാണ് മഴ

ഈ മഴ തൻ കുളിരില്ലാതിരുന്നെങ്കിൽ
നാം ഈ കാണുന്ന ലോകം
ഭയാനകമായേനെ

എന്നാൽ മാനുഷന് തൻ
വികൃതികൾകാരണം  ദൈവം
തൻ  അനുഗ്രഹത്തെ
വിനാശമായിത്തീർത്തു

ഈ വിനാശത്താൽ നമ്മുടെ
നാടനുഭവിച്ചതിൻ യാതന
അതിനാൽ നീ വളർന്നാലുമെന്നുണി
പ്രക്രതിയോട് വിനാശം കാട്ടരുതെന്നുണ്ണി

ബാലു ബി എസ് കുമാർ,9 E

# ORIGIN OF CRICKET




***ORIGIN***

The sport of cricket has a known history beginning in the late 16th century. Having originated in south-east England, it became the country's national sport in the 18th century and has developed globally in the 19th and 20th centuries.

***FATHER OF CRICKET***

*W. G. Grace*

He is nicknamed as W.G, the doctor and so on. He played a vital role in developing cricket across the world. He is born in England. The most important thing is he is an all-rounder. W. G. Grace is considered to be the father of cricket.

## ***WHAT IS CRICKET ?***

**C**ricket is a bat-and-ball game played between two teams of eleven players on a field at the centre of which is a 20-metre (22-yard) pitch with a wicket at each end, each comprising two bails balanced on three stumps.

## ***WHY IS IT CALLED CRICKET***


The name is originally thought to either have been derived from the Old French “criquet”, meaning “goal, post, or stick” or from the Middle Dutch “kricke”, meaning “stick” or “staff”. Early cricket was played with a stick that resembled more a hockey stick than the modern day cricket bat.

## ***WHO STARTED CRICKET IN INDIA ?***

The British brought cricket to India in the early 1700s, with the first cricket match played in 1721. In 1848, the Parsi community in Bombay formed the Oriental Cricket Club, the first cricket club to be established by Indians. After slow beginnings, the Europeans eventually invited the Parsis to play a match in 1877.

*BY, ANU M STANLY*
*9C*

# MOTHER NATURE



AKSHAY SUNIL
IX F

Often I marvel at Mother Nature
And its unizue adventures
It has in stock for us
I have to say Mother Nature is the boss
Everyone has DNA - like life experience
Something it can be monotonusly intense

But Mother Nature is supreme
And Mother Nature is extreme

Often I poned on why Mother Nature
Is sporacdically insane with jealousy
Committy many a time unspeakable atracities

Tornados , earthzuakes and volcanic eruptions
It showers , making , it necessary modifications
Tidal waves are its trade mark of destrution
Of natural and artificial creations

But Mother Nature always makes up
With multiplication and replion of the living

# കണ്ണീർ

ഭൂമിയെന്നാൽ ഒരു മഹാത്ഭുതം

നമ്മൾ നരർ തിമിർത്താടുന്ന ഇവിടെ

നശിപ്പിക്കുന്നു അതിനെ ദയയില്ലാതെ

ഇ -മാലിന്യങ്ങൾ അജൈവ വസ്തുക്കൾ

അങ്ങിനെ എന്തെല്ലാം

ഇതൊന്നും സഹിക്കാനാവാതെ

താണ്ഡവമാടുന്നു രൗദ്രയായി

ചുഴലിയും പേമാരിയും

പ്രളയവും വരൾച്ചയും

ഭൂമിതൻ കണ്ണീരും സങ്കടവും

എന്നിട്ടും കാണുന്നില്ലാരും

ഇനി എത്ര നാൾ കരയും അവൾ...

ഊർദ്ധ്വൻ വലിക്കും വരെ !



-

ആകർഷ് എസ്, 9 ജി

# കേരളത്തിലെ കലാരൂപങ്ങൾ

**കഥകളി**



**മോഹിനിയാട്ടം**



**തെയ്യം**



**കളരിപ്പയറ്റ്**



**കുറത്തിയാട്ടം**




**ഒപ്പന**



**അക്ഷയ് സുനിൽ,9F**

# പയർ

പച്ച ചെറുപയർ
എന്നുടെ കണ്ടത്തിൽ
വിളയും പച്ച ചെറുപയർ
നിന്നുടെ കണ്ടത്തിൽ
വിളയും പച്ചചെറുപയർ
നീന്റെ പയർ  എന്റെ പയർ
പച്ച ചെറുപയർ



ഗണനാഥ് ,9E

## ഓടുന്നതിന്റെ നേട്ടങ്ങൾ:

കായിക ശേഷി വർദ്ധിക്കുന്നു
ഉയർന്ന രക്തസമ്മർദ്ദം തടയുന്നു
പ്രമേഹത്തിന്റെ ഫലങ്ങൾ കുറയ്ക്കുന്നു
ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു
രോഗപ്രതിരോധ ശേഷി ശക്തിപ്പെടുത്തുന്നു

ശ്വാസകോശത്തെ ശക്തിപ്പെടുത്തുന്നു അതിനാൽ ഓടുക... ഓട്ടം തുടരുക!



**ആഡ്രിൻ ആന്റണി 9E**

## ക്വിസ്

1.കേരളത്തിൽ ആദ്യമായി പബ്ളിക് ട്രാൻസ്പോർട്ട് നടപ്പിലാക്കിയ നഗരം ഏത്

തിരുവനന്തപുരം

2.കേരളത്തിലെ ആദ്യത്തെ പോസ്റ്റ് ഓഫീസ് ഏത് ജില്ലയിലാണ് സ്ഥാപിച്ചത്

ആലപ്പുഴ

3.ബുദ്ധമത സന്ദേശം കേരളത്തിൽ പ്രചരിപ്പിച്ച കാലഘട്ടം

സംഘകാലഘട്ടം

4.കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെൻറ് എവിടെയാണ്

കൊട്ടാരക്കര

5.തെക്കേ ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ ആനമുടി എവിടെ സ്ഥിതി ചെയ്യുന്നു

ഇടുക്കി

6.തിരുവിതാംകൂറിൻെറ ചരിത്രത്തിൽ വലിയ ദിവാൻജി എന്നറിയപ്പെട്ടിരുന്നതാര്

രാജാ കേശവദാസൻ

7.മത്സ്യബന്ധനത്തിന് പേര്കേട്ട കൊല്ലം ജില്ലയിലെ സ്ഥലം ഏത്

നീണ്ടകര

8.കേരളത്തിൽ ഏറ്റവും കുറച്ചുകാലം മന്ത്രിയായിരുന്ന വ്യക്തി
എം.പി.വീരേന്ദ്രകുമാർ

9.കേരളത്തിലെ ഏറ്റവും വലിയ റെയിൽവേ സ്റ്റേഷൻ ഏതാണ്
ഷൊർണൂർ

10.കേരള നിയമസഭയുടെ ആദ്യ സ്പീക്കർ ആരായിരുന്നു
ശങ്കരനാരായണൻ തമ്പി

11.സംസ്ഥാനത്തെ ആദ്യത്തെ ജൈവഗ്രാമം ഏത്
ഉടുംമ്പന്നൂർ

12.മൈസൂരിനേയും വയനാടിനേയും ബന്ധിപ്പിക്കുന്ന ചുരം ഏത്
താമരശ്ശേരിചുരം

13.വേലുത്തമ്പി ദളവ ജനിച്ച തലക്കുളം ഏത് ജില്ലയിലാണ്
കന്യാകുമാരി ജില്ല

14.കേരളത്തിലെ ആദ്യ കോളേജ് ഏതാണ്
സി.എം.എസ് കോളേജ്

15.കേരളത്തിലെ ആദ്യത്തെ സ്മാർട്ട് സിറ്റി എവിടെയാണ്
കാക്കനാട്

എബിൻ എസ്, 9 എച്ച്

# MY MOTHER


My mother

My mother is like a shining star
She laughs like a little rose
She teaches me like an ideal teacher
Her heart is full of love

She is like a guideline
She teaches about good and bad
She advises to do good things
Her heart is full of love

She melts my sorrows away
She is loved by everyone
She loves everyone
And her heart is full of love

By Abin S,9H



# എന്റെ അമ്മ

അമ്മയുടെ ഉദരത്തിൽ ഉരുവാകുന്ന നിമിഷം മുതൽ പുറത്തുവരുന്നതുവരെ നമ്മളെ സംരക്ഷിച്ചും ലാളിച്ചും കാക്കുന്ന അമ്മ . അമ്മയെ നമ്മൾ എന്തുമാത്രം വേദനിപ്പിക്കുന്നു. എന്നാൽ അതെല്ലും മറന്ന് വാരിപുണർന്നു നെഞ്ചോടു ചേർക്കുന്ന നമ്മുടെ അമ്മ. നമ്മളെ പത്തുമാസം ചുമന്നു വളർത്തി വലുതാക്കി ഒരു നിലയിൽ എത്തിച്ചു കഴിഞ്ഞാൽ നമുക്ക് ശല്യമായി മാറുന്ന ആ നിമിഷത്തിൽ ആ അമ്മയെ നമ്മൾ വൃദ്ധമന്ദിരത്തിലോ തെരുവിലോ ഉപേക്ഷിക്കുന്നു. എന്തുകൊണ്ടാണ് മനുഷർ ഇത്ര നിഷ്ഠൂരരാകുന്നത് . എന്നാൾപോലും മക്കൾക്ക് നല്ലത് വരണമെന്ന് ചിന്തിക്കുന്ന നമ്മുടെ അമ്മ .ആ നിമിഷത്തിൽ എന്തുമാത്രം വേദനിക്കുന്നുണ്ടാകും ആ മനസ്സ്. അമ്മ ഇല്ലെങ്കിൽ നാം ഇല്ല എന്ന് നാം ഓർക്കണം .ഈ ജന്മത്തിൽ നമുക്ക് നന്മ വരുത്തിയ അമ്മയെ പറ്റുന്നിടത്തോളം സ്നേഹിക്കുക ...ഒരുപാട് സ്നേഹിക്കുക അതിൽപരം ഒരു പുണ്യമില്ല .

എബിൻ .എസ് ,9H

# കുസൃതി ചോദ്യങ്ങൾ

1. ഒഴുക്കില്ലാത്ത പുഴ - ആലപ്പുഴ

2. ചെവി ഇല്ലാത്തവരെ നമ്മൾ എന്ത് വിളിക്കും -എന്തെങ്കിലും വിളിക്കാം കാരണം അവർക്കു ചെവി കേൾക്കില്ലല്ലോ

3. ചീവാൻ പറ്റാത്ത മുടി -അഷ്ടമുടി

4.വഴു വഴുപ്പുള്ള രാജ്യം -ഗ്രീസ്

5.ഇട്ടാൽ പൊട്ടാത്ത മുട്ട -പുഴുങ്ങിയ മുട്ട

6. ചന മരത്തില് ചീന പഴം-മുക്ക്

7.പുറത്തു കാടു പിന്നെ പാറ അതിനുള്ളിൽ ചോറ്-തല


8.തലയിൽ കാലു വെച്ച് നടക്കുന്ന ജീവി -പേൻ

9.ലോകത്തിലെ ഏറ്റവും വലിയ ആമ -മദാമ്മ

10.പൊന്നു തിന്നു വെള്ളി തുപ്പി -ചക്കച്ചുള


ദീപു ജെ ,9H

# വിരാട് കോഹ്‌ലി



**വി**രാട് കോഹ്‌ലി 1988 നവംബർ 5 ന് ദില്ലിയിൽ ഒരു പഞ്ചാബി കുടുംബത്തിൽ ജനിച്ചു. പിതാവ് പ്രേം കോഹ്‌ലി ക്രിമിനൽ അഭിഭാഷകനായും അമ്മ സരോജ് കോഹ്‌ലി വീട്ടമ്മയുമാണ്. അദ്ദേഹത്തിന് ഒരു മൂത്ത സഹോദരൻ വികാസും ഒരു മൂത്ത സഹോദരി ഭാവ്നയുമുണ്ട്. ... ഉത്തം നഗറിൽ വളർന്ന കോഹ്‌ലി വിശാൽ ഭാരതി പബ്ലിക് സ്കൂളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചു. ഇന്ത്യൻ ക്രിക്കറ്റ് കളിക്കാരനാണ് അദ്ദേഹം. വലംകൈയ്യൻ ടോപ് ഓർഡർ ബാറ്റ്സ്മാനായ കോഹ്‌ലിയെ ലോകത്തിലെ ഏറ്റവും മികച്ച ബാറ്റ്സ്മാൻമാരിലൊരാളായി കണക്കാക്കുന്നു. ഇന്ത്യൻ പ്രീമിയർ ലീഗിൽ (ഐപിഎൽ) റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനുവേണ്ടി കളിക്കുന്ന അദ്ദേഹം 2013 മുതൽ ടീമിന്റെ ക്യാപ്റ്റനാണ്. 2017 ഒക്ടോബർ മുതൽ ലോകത്തെ ഏകദിന ബാറ്റ്സ്മാനായ അദ്ദേഹം നിലവിൽ 926 പോയിന്റുമായി ടെസ്റ്റ് റാങ്കിംഗിൽ രണ്ടാം സ്ഥാനത്താണ്. [4] ഇന്ത്യൻ ബാറ്റ്സ്മാൻമാരിൽ ഏറ്റവും മികച്ച ടെസ്റ്റ് റേറ്റിംഗ് (937 പോയിന്റ്), ഏകദിന റേറ്റിംഗ് (911 പോയിന്റ്), ടി 20 ഐ റേറ്റിംഗ് (897 പോയിന്റ്) എന്നിവയാണ് കോഹ്‌ലിയുടെ സ്ഥാനം.

അൽ മുഹമ്മദ് അഫ്സൽ 9E




## എ.പി.ജെ.അബ്ദുൾ കലാം

നിർധനമായ ഒരു കുടുംബത്തിൽ ജനിച്ച് രാമേശ്വരത്തു പത്രം
വിറ്റും കക്ക പെറുക്കിയും പഠനച്ചെലവും
കണ്ടെത്തീയ ഒരുകുട്ടി. പിന്നീട് ഇന്ത്യയുടെ
ശാസ്ത്രസ്വപ്നങ്ങൾ അഗ്നിച്ചിറകുകൾ നൽ-
കിയ റോക്കറ്റ് ലോകത്തെ പ്രചോദിപ്പി ക്കുന്ന എഴുത്തുകാരനും
രാഷ്ട്രതന്ത്രജ്ഞനുമായി. രാഷ്ട്രത്തിന്റെ പ്രഥമപൗരനായി മഹാത്മാ
ഗാന്ധിക്കും ജവാഹർലാൽ നെഹ്റുവിനും ശേഷം കുട്ടികളുടെയും
യുവജനങ്ങളുടെയും ഹൃദയത്തിലേക്കും ഇത്രയധികം സ്നേഹത്തോടെ
പ്രവേശനം ലഭിച്ച മറ്റൊരു നേതാവുണ്ടോ. കുട്ടികളുടെ സ്വന്തം അബ്ദുൾ
കലാം

**ഗണനാഥ്. എസ്,9 ഇ**

# വായു മലിനീകരണം

വാതകങ്ങൾ (കാർബൺ ഡൈ ഓക്സൈഡ്, കാർബൺ മോണോക്സൈഡ്, സൾഫർ ഡയോക്സൈഡ്,നൈട്രസ്ഓക്സൈഡുകൾ, മീഥേനിയാന്റ്ക്ലോറോഫ്ലൂറോകാർബണുകൾ), കണികകൾ (ജൈവവും ,അജൈവവും) ബയോളജിക്കൽ തന്മാത്രകൾ എന്നിവയുൾപ്പെടെയുള്ള വസ്തുക്കളുടെ ദോഷകരമായ അല്ലെങ്കിൽ അമിതമായ അളവിൽ അന്തരീക്ഷത്തിൽ പ്രവേശിക്കുമ്പോൾ വായു മലിനീകരണം സംഭവിക്കുന്നു. ഇത് മനുഷ്യർക്ക് രോഗങ്ങൾക്കും അലർജിക്കും മരണത്തിനും കാരണമായേക്കാം; ഇത് മറ്റ് ജീവജാലങ്ങളായ മൃഗങ്ങൾക്കും ഭക്ഷ്യവിളകൾക്കും ദോഷം വരുത്താം, കൂടാതെ പ്രകൃതിദത്ത പരിസ്ഥിതിയെ നശിപ്പിക്കുകയും ചെയ്യാം. മനുഷ്യന്റെ പ്രവർത്തനത്തിനും പ്രകൃതി പ്രക്രിയകൾക്കും വായു മലിനീകരണം സൃഷ്ടിക്കാൻ കഴിയും.

2008 ലെ ബ്ലാക്ക്സ്മിത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റവും മോശമായ മലിനീകരണ സ്ഥലങ്ങളുടെ റിപ്പോർട്ടിൽ ഇൻഡോർ വായു മലിനീകരണവും മോശം നഗര വായുവിന്റെ ഗുണനിലവാരവും പട്ടികപ്പെടുത്തിയിട്ടുണ്ട്. വായു മലിനീകരണം മാത്രം പ്രതിവർഷം 2.1 മുതൽ 4.21 ദശലക്ഷം അകാല മരണങ്ങൾക്ക് കാരണമാകുന്നു.

മനുഷ്യനെയും പരിസ്ഥിതി വ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്ന ഒരു വസ്തുവാണ് വായു മലിനീകരണം. പദാർത്ഥം ഖരകണങ്ങൾ, ദ്രാവകത്തുള്ളികൾ അല്ലെങ്കിൽ വാതകങ്ങൾ ആകാം കാരണം . മലിനീകരണം സ്വാഭാവിക ഉത്ഭവമോ മനുഷ്യനിർമ്മിതമോ ആകാം. മലിനീകരണത്തെ പ്രാഥമിക അല്ലെങ്കിൽ ദ്വിതീയമായി തിരിച്ചിരിക്കുന്നു. അഗ്നിപർവ്വത സ്ഫോടനത്തിൽ നിന്നുള്ള ചാരം

പോലുള്ള പ്രക്രിയകളാണ് പ്രാഥമിക മലിനീകരണം സാധാരണയായി ഉത്പാദിപ്പിക്കുന്നത്. മറ്റ് ഉദാഹരണങ്ങളിൽ മോട്ടോർ വെഹിക്കിളിൽ നിന്നുള്ള കാർബൺ മോണോക്സൈഡ് , ഫാക്ടറികളിൽ നിന്ന് പുറത്തിറക്കിയ സൾഫർ ഡയോക്സൈഡുകളും ഉൾപ്പെടുന്നു. ദ്വിതീയ മലിനീകരണം നേരിട്ട് പുറത്തുവിടുന്നില്ല. പ്രാഥമിക മലിനീകരണം പ്രതികരിക്കുമ്പോഴോ പ്രതിപ്രവർത്തിക്കുമ്പോഴോ അവ വായുവിൽ രൂപം കൊള്ളുന്നു. ദ്വിതീയ മലിനീകരണത്തിന്റെ പ്രധാന ഉദാഹരണമാണ് ഗ്രൗണ്ട് ലെവൽ ഓസോണിസ്. ചില മലിനീകരണം പ്രാഥമികവും ദ്വിതീയവുമായിരിക്കാം: അവ രണ്ടും നേരിട്ട് പുറത്തുവിടുകയും മറ്റ് പ്രാഥമിക മലിനീകരണ വസ്തുക്കളിൽ നിന്ന് രൂപം കൊള്ളുകയും ചെയ്യുന്നു.

• കാർബൺ ഡൈ ഓക്സൈഡ് - എന്ന ഗ്രീൻഹൗസ് ഗ്യാസിന്റെ പങ്ക് കാരണം "മുൻനിര മലിനീകരണം" എന്നും "ഏറ്റവും മോശം കാലാവസ്ഥാ മലിനീകരണം" എന്നും വിശേഷിപ്പിക്കപ്പെടുന്നു .കാർബൺ ഡൈ ഓക്സൈഡ് അന്തരീക്ഷത്തിലെ ഒരു സ്വാഭാവിക ഘടകമാണ്, ഇത് സസ്യജീവിതത്തിന് അത്യന്താപേക്ഷിതമാണ്, കൂടാതെ മനുഷ്യ ശ്വാസകോശം പുറത്തു വിടുകയും ചെയ്യുന്നു .

ഭൂമിയുടെ അന്തരീക്ഷത്തിന്റെ 410 ഭാഗങ്ങൾ (പിപിഎം) കാർബൺ ഡൈ ഓക്സൈഡ് രൂപം കൊള്ളുന്നു, വ്യാവസായികത്തിനു മുമ്പുള്ള കാലഘട്ടത്തിലെ 280 പിപിഎമ്മിനെ അപേക്ഷിച്ച് കോടിക്കണക്കിന് മെട്രിക് ടൺ കാർബൺ ഡൈ ഓക്സൈഡ് ആണ് ഓരോ വർഷവും പുറത്തു വരുന്നത്

വർഷം തോറും ഫോസിൽ ഇന്ധനങ്ങൾ കത്തിച്ച് പുറത്തുവിടുന്ന കാർബൺ ഡൈ ഓക്സൈഡ്

*ഭൂമിയുടെ അന്തരീക്ഷത്തിലെ അതിന്റെ വർദ്ധനവ് ത്വരിതപ്പെടുത്തുന്നു.*

* *നൈട്രജൻ ഓക്സൈഡ്- നൈട്രജൻ ഓക്സൈഡുകൾ, പ്രത്യേകിച്ച് നൈട്രജൻ ഡൈ ഓക്സൈഡ്, ഉയർന്ന താപനില ജ്വലനത്തിൽ നിന്ന് പുറന്തള്ളപ്പെടുന്നു, മാത്രമല്ല ഇവ  ഇടിമിന്നലിലൂടെയും ഉത്പാദിപ്പിക്കപ്പെടുന്നു. $NO_2$ ഫോർമുലയുള്ള ഒരു രാസ സംയുക്തമാണ് നൈട്രജൻ ഡൈ ഓക്സൈഡ്. നിരവധി നൈട്രജൻ ഓക്സൈഡുകളിൽ ഒന്നാണിത്. ഏറ്റവും പ്രധാനപ്പെട്ട വായു മലിനീകരണങ്ങളിലൊന്നായ ഈ ചുവപ്പ് കലർന്ന തവിട്ട് നിറത്തിലുള്ള വിഷവാതകത്തിന് മൂർച്ചയുള്ളതും കടിക്കുന്നതുമായ ദുർഗന്ധമുണ്ട്.*

* *കാർബൺ മോണോക്സൈഡ്– CO നിറമില്ലാത്തതും മണമില്ലാത്തതും വിഷമുള്ളതും എന്നാൽ പ്രകോപിപ്പിക്കാത്തതുമായ വാതകമാണ്. ഇത് പ്രകൃതിവാതകം, കൽക്കരി അല്ലെങ്കിൽ മരം പോലുള്ള ഇന്ധനത്തിന്റെ സംയോജനമാണ്. നമ്മുടെ അന്തരീക്ഷത്തിലേക്ക് കാർബൺഭൂമിയുടെ അന്തരീക്ഷത്തിലെ അതിന്റെ വർദ്ധനവ് ത്വരിതപ്പെടുത്തുന്നു.*
* *നൈട്രജൻ ഓക്സൈഡ്- നൈട്രജൻ ഓക്സൈഡുകൾ, പ്രത്യേകിച്ച് നൈട്രജൻ ഡൈ ഓക്സൈഡ്, ഉയർന്ന താപനില ജ്വലനത്തിൽ നിന്ന് പുറന്തള്ളപ്പെടുന്നു, മാത്രമല്ല ഇവ  ഇടിമിന്നലിലൂടെയും ഉത്പാദിപ്പിക്കപ്പെടുന്നു. $NO_2$ ഫോർമുലയുള്ള ഒരു രാസ സംയുക്തമാണ് നൈട്രജൻ ഡൈ ഓക്സൈഡ്. നിരവധി നൈട്രജൻ ഓക്സൈഡുകളിൽ ഒന്നാണിത്. ഏറ്റവും പ്രധാനപ്പെട്ട വായു മലിനീകരണങ്ങളിലൊന്നായ ഈ ചുവപ്പ് കലർന്ന തവിട്ട് നിറത്തിലുള്ള വിഷവാതകത്തിന് മൂർച്ചയുള്ളതും കടിക്കുന്നതുമായ ദുർഗന്ധമുണ്ട്.*

*മോണോക്സൈഡിന്റെ ഭൂരിഭാഗവും വാഹന എക്സ്ഹോസ്റ്റ് സംഭാവന ചെയ്യുന്നു*

*ആദർശ് വി, 9 ഡി*

# ISRO



***ഭൗമ ഉപരിതലത്തിലെ പഠനങ്ങൾക്കായി ഡോ. വിക്രം സാരാഭായ് സ്ഥാപിച്ചതാണ് തുമ്പ ഇക്വറ്റോറിയൽ റോക്കറ്റ് ലൗഞ്ചിങ് സ്റ്റേഷൻ ഇന്ത്യയുടെ ദേശീയ ബഹിരാകാശ ഗവേഷണ സ്ഥാപനമാണ് ISRO എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ. 1969 ഓഗസ്റ്റ് 15 ന നിലവിൽ വന്നു. ഇന്ത്യയെ പോലെ ഒരു വലിയ രാജ്യത്തിന് അതിന്റേതായ സ്വന്തം ബഹിരാകാശ സാങ്കേതിക വിദ്യാപാടവം വേണ്ടിവരും എന്ന തിരിച്ചറിവും, കാലാവസ്ഥാ പ്രവചനത്തിനും ആശയവിനിമയ രംഗത്തും കൃത്രിമോപഗ്രഹങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയും എന്ന ദീര്ഘവീക്ഷണവുമാണ് സ്വന്തമായ ഒരു ബഹിരാകാശ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് ഇന്ത്യൻ ഭരണാധികാരികളെ മുന്നോട്ട് നയിച്ചത്. കൈലാസവടിവു ശിവൻ ആണ് ISRO യുടെ ഇപ്പോഴത്തെ ചെയർമാൻ***

***റെക്സൺ ആർ ,9 സി***

## കൊല്ലം പട്ടണത്തിന്റെ ആകർഷണങ്ങൾ



തങ്കശ്ശേരി കോട്ട

*1519 ൽ പോർച്ചുഗീസുകാർ പണികഴിപ്പിച്ച ഈ കോട്ട അറബികടലിന് അഭിമുഖമായി സ്ഥിതി ചെയ്യുന്നു. പിന്നീട് ഡച്ചുകാരും ബ്രിട്ടീഷുകാരും കൈയ്യടക്കിയ കോട്ട തങ്കശ്ശേരിയുടെ പൂർവ്വ പ്രതാപത്തിൻ്റെ അവശേഷിപ്പാണ്.*




പോലീസ് മ്യൂസിയം

*കൊല്ലം ജങ്ഷൻ റെയിൽവേ സ്റ്റേഷനു എതിർവശത്തുള്ള സർദാർ വല്ലഭായ് പട്ടേൽ മ്യൂസിയം കേരള പോലീസിന്റെ ചരിത്രം വിളിച്ചോതുന്ന*

18,19,20 നൂറ്റാണ്ടുകളിൽ ഉപയോഗിച്ചിരുന്ന ആയുധങ്ങളും പടക്കോപ്പുകളും ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്ന ചിത്രങ്ങളും പ്രദർശന വസ്തുക്കളും പോലീസ് സേനയുടെ ചരിത്രത്തെക്കുറിച്ച് വ്യക്തമായ ചിത്രം നൽകുന്നു.



അഷ്ടമുടി കായൽ

അഷ്ടമുടി കായൽ കൊല്ലം ജില്ലയിലെ ഏറ്റവും അധികം ടൂറിസറ്റുകളെ ആകർഷിക്കുന്ന ഒന്നാണ്. എട്ട് മുടി എന്നർത്ഥം വരുന്ന ഈ നാമം ഈ കായലിന് ധാരാളം കൈവഴികൾ ഉള്ളതിനാലാണ്. ഒരു നീരാളിയുടെ രൂപം ആണ് കായലിന്. അതിൽ നിന്നാവും അഷ്ടമുടി എന്ന പേര് ലഭിച്ചത്. ഇതിന്റെ തിരങ്ങളിലുള്ള തെങ്ങിൻ തോപ്പുകൾ കണ്ണിനു കുളിർമ പകരുന്ന കാഴ്ചയാണ്.



## കൊല്ലം ബീച്ച്

*മഹാത്മാഗാന്ധി ബീച്ച് എന്നറിയപ്പെടുന്ന കൊല്ലത്തെ ഈ കടപ്പുറം ടൂറിസ്റ്റുകൾക്കും ഒരു പ്രധാനപ്പെട്ട ആകർഷണകേന്ദ്രമാണ്. 1961 ൽ ഉദ്ഘാടനം ചെയ്ത മഹാത്മാഗാന്ധി പാർക്കും ഇതിനടുത്തു സ്ഥിതി ചെയ്യുന്നു. ലൈഫ് ഗാർഡുകളുടെ സേവനം എപ്പോഴും ലഭ്യമാണ്.*



## ലൈറ്റ് ഹൗസ്

*കൊല്ലം ജില്ലയുടെ ഈ വിളക്കുമാടം തങ്കശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന 41 മീറ്റർ ഉയരമുള്ള രണ്ടാമത്തെ ലൈറ്റ് ഹൗസ് ആണ്. ഏറ്റവുമധികം വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഒന്നാണ് ഈ വിളക്കുമാടം.*

*അശ്വിൻ ഷാജി, 9 ഡി*

# ***PROVERBS***

****Distance tests a horse’s strength. Time reveals a person’s character***

****All things are difficult before they are easy***

****Big journeys begin with small steps***

****Bad wounds heels but bad word doesn’t heal***

# കളിപ്പാട്ടം

ക്രിസ്തുമസിന്റെ തലേ ദിവസം കുഞ്ഞു സൈറ ഉറങ്ങാൻ കിടന്നത് ഒത്തിരി സങ്കടത്തോടെയാണ്. കാരണം,അവൾ ആഗ്രഹിച്ച കളിപ്പാട്ടം പപ്പ അവൾക്ക സമ്മാനമായി വാങ്ങിച്ചു നൽകിയില്ല . പുത്തൻ ഉടുപ്പുകളും,കേക്കും ഒക്കെ കിട്ടിയെങ്കിലും തന്റെ ഒത്തിരി നാളത്തെ ആഗ്രഹമായ കളിപ്പാട്ടം സമ്മാനമായി ലഭിക്കാഞ്ഞതിൽ അവൾക്ക നല്ല നിരാശയുണ്ടായിരുന്നു. പുത്തന ഉടുപ്പ് ഇട്ടിട്ടും അവൾ ഉള്ളിൽ സങ്കടപ്പെട്ടുകൊണ്ടിരുന്നു എന്താണ് ദൈവമെ എന്റെ അഗ്രഹം ഒന്നും നടക്കാത്തതെന്ന് അവൾ ഇടയ്ക്കിടെ മനസ്സിൽ ഈശോയോട് ചോദിച്ചു കൊണ്ടിരുന്നു. അങ്ങനെ ഒട്ടും സന്തോഷമില്ലാതെ അവൾ ആ രാത്രി ഉറങ്ങാൻ കിടന്നു.

അവൾ ഉറക്കത്തിൽ സാന്റായെ സ്വപ്നം കണ്ടു. സാന്റ അവളോട് ചോദിച്ചു എന്താ... കുഞ്ഞേ ക്രിസ്മസ്സായിട്ടും പുത്തൻ ഉടുപ്പുകൾ കിട്ടിയിട്ടും നിനക്ക് സന്തോഷമില്ലാത്തത് ?

തന്റെ ഇഷ്ടസമ്മാനം ഒരു പക്ഷേ സാന്റായുടെ കൈയിൽ കാണും എന്നു കരുതി സൈറ അവൾക്കിഷ്ടപ്പെട്ട കളിപ്പാട്ടം പപ്പ വാങ്ങി തന്നില്ലെന്ന് സങ്കടം പറഞ്ഞു.

സാന്റാ...അങ്ങയുടെ കൈയിൽ ഉണ്ടോ എന്റെ കളിപ്പാട്ടം ?

സാന്റാ പറഞ്ഞു : ഇല്ല സൈറ. പക്ഷേ നിന്നെ ഞാൻ ഒരിടത്തു കൊണ്ടു പോകാം. ചില്ലപ്പോ അവിടെ ആ കളിപ്പാട്ടം കണ്ടേക്കും.

സന്തോഷത്തോടെ അവൾ സാന്റയോടൊപ്പം പുറപ്പെട്ടു അവർ ചെന്നെത്തിയത് ഒരു കൊച്ചു കുടിലിന്റെ മുന്നിലാണ്. ചിമ്മിനി വഴി അകത്തു കടന്ന അവർ കണ്ടത് പാതിരാത്രിയും വിളക്കിന്റെ പ്രകാശത്തിൽ ഇരുന്ന് കളിപ്പാട്ടം നിർമ്മിക്കുന്ന ഒരു ബാലനെയാണ്. തൊട്ടപ്പുറത്തെ കട്ടിലിൽ രോഗിയായ അവന്റെ അമ്മ ശ്വാസം എടുക്കാൻ പാടുപെടുന്നത് അവനെ വേവലാതിപ്പെടുത്തുന്നുണ്ട്. എന്നിട്ടും അവൻ ജോലി തുടരുകയാണ്.

സാന്റാ സൈറയോടു പറഞ്ഞു. നോക്കു സൈറ,ഇവന് ആകെ അറിയാവുന്ന ജോലി ഈ കളിപ്പാട്ടം നിർമ്മിക്കാനാണ്. വല്ലപ്പോഴും അതു വിറ്റു കിട്ടുന്ന പൈസ കൊണ്ടാണ് ഈ രണ്ടു ജീവനുകൾ കഴിയുന്നത്. നിന്റെ പപ്പ ആവശ്യപ്പെട്ട പ്രകാരം നാളെ നീ ഉണരുന്നതിനു മുമ്പ് നിന്റെ വീട്ടിൽ എത്തിക്കാനാണ് അവനീ ഉറക്കമിളച്ച് പണിചെയ്യുന്നത്. ഇത് വിറ്റു കിട്ടിയിട്ടു വേണം അമ്മയ്ക്കു മരുന്നു വാങ്ങുവാൻ.
അതു കേട്ടപ്പോൾ കുഞ്ഞു സൈറയക്കു താൻ കളിപ്പാട്ടത്തിനായി വാശിപിടിച്ചതും ആ ദിവസത്തെ സന്തോഷമത്രയും
നശിപ്പിച്ചു കളഞ്ഞതും ഓർത്തു കുറ്റബോധം തോന്നി.

സാൻറ പറഞ്ഞു. നീ മറ്റെല്ലാ സൌകര്യങ്ങളും ഉണ്ടായിട്ടും ഇഷ്ടപ്പെട്ട കളിപ്പാട്ടം കിട്ടാഞ്ഞതിന് വാശിപിടിച്ചപ്പോൾ ഇതാ ഇവിടെ ഈ ബാലൻ തന്റെ കുടുംബത്തിന്റെ നിലിൽപ്പിനായി കഷ്ടപ്പെടുന്നത് കണ്ടോ,എന്നിട്ടും അവൻ പ്രത്യാശിക്കുന്നത് നാളെ കളിപ്പാട്ടം വിറ്റുകിട്ടുന്ന കാശുകൊണ്ട് മരുന്നും ഭക്ഷണവും വാങ്ങാമെന്നാണ്. ഉള്ളത് കൊണ്ട് തൃപ്തിപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവരാകാനും നമ്മൾ പഠിക്കണം.

പപ്പയുടെ നീട്ടിയുള്ള വിളികേട്ടാണ് സൈറ കണ്ണുതുറന്നത്.അതാ അവൾ ആഗ്രഹിച്ച കളിപ്പാട്ടവുമായി പപ്പ മുന്നിൽ നിൽക്കുന്നു. കളിപ്പാട്ടം പരിശോധിക്കുമ്പോൾ അവളുടെ മനസ്സിൽ ഇന്നലെ സ്വപ്നത്തിൽ കണ്ട ആ ബാലനായിരുന്നു. കളിപ്പാട്ടം വിറ്റുകിട്ടിയ പണം കൊണ്ടു അവൻ അമ്മയ്ക്കു മരുന്നു വാങ്ങിക്കാണും.
താൻ വാശിപിടിച്ചതു തെറ്റായിപ്പോയെന്ന് ബോധ്യം ഉണ്ടെങ്കിലും തന്റെ വാശികൊണ്ട് ആ ബാലന് മരുന്നു വാങ്ങാൻ ഉള്ള പണം ലഭിച്ചല്ലോ എന്നോർത്ത് അവൾ ആശ്വസിച്ചു.

ഐസക് ബി മാത്യു ,9 ജി

## <u>നന്ദി</u>